സർവ്വകക്ഷി യോഗത്തിൽ അങ്ങനെ തീരുമാനമെടുക്കുകയും മന്ത്രിസഭയും അത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിരിക്കുകയാണ്. ആയതിന് ഇതുവരെയും മറുപടി ലഭിച്ചിട്ടില്ല. ഈ കാരണത്താൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ഇതിനായി പ്രത്യേക സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാരിന്റെ നിലപാട് രേഖാമൂലം ലഭിച്ചതിനുശേഷവും മാത്രമേ സർവ്വേ നടപടികൾ പുനരാരംഭിക്കുകയുള്ളു.

റിവൈസ്ഡ് എസ്റ്റിമേറ്റ്

187 (4541) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് അനുവദിക്കുന്ന രീതി അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു കഴിഞ്ഞ പ്രവൃത്തികൾക്ക് വൈകാതെ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എന്തുകൊണ്ടാണ് ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ?

ഉത്തരം

(എ) ഇക്കാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്.

(ബി) ഉണ്ട്.

(സി) അനിവാര്യമായ സാഹചര്യങ്ങളിലൊഴികെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്ന രീതി അഭികാമ്യമല്ല. ഇത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തലസ്ഥാന നഗരിയിലെ റോഡ് വികസന പ്രവർത്തനങ്ങൾ

188 (4542) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ റോഡു വികസന പദ്ധതിയിൻകീഴിൽ ഇനിയും ഏതൊക്കെ പണികളാണ് പൂർത്തീകരിക്കാനുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly